# ഭാഗം 4/5 (തുടർച്ച)

# "കവിതഥ"യിലെ ഭാഷണം

# "മലയാളം, എന്റെ മാതൃഭാഷ: നിങ്ങളുടെയും!"

**[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

**[മലയാളി അസ്സോസിയേഷൻ ഓഫ് ഫിലഡൽഫിയയുടെ (മാപ്) "കവിതഥ" എന്ന ഏകദിന സെമിനാറിലെ കീ-നോട്ട് പ്രസംഗത്തിൽ ഇതിലെ പ്രസക്തഭാഗങ്ങൾ അവതരിപ്പിച്ചിരുന്നു.]**

## ബുദ്ധിയെയും ബൌദ്ധികതയെയും പ്രകാശിപ്പിക്കുന്ന ഭാഷ

**ഭാഷയെ** വളർത്താനാണല്ലോ നാം പരിശ്രമിക്കുന്നത്. ആശയ വിനിമയമാണ് നമ്മുടെ മുഖ്യ ലക്ഷ്യം. വ്യക്തികളും സ്ഥാപനങ്ങളും, സഹകരിച്ചും ആരോഗ്യപരമായി മത്സരിച്ചും മുന്നേറുന്ന പ്രവർത്തനശൈലി നാം കുടിയേറിയിരിക്കുന്ന മണ്ണിന്റെ മണം ആവാഹിക്കുന്നു. വ്യക്തിതാൽപ്പര്യവും വ്യക്തിവിദ്വേഷവും മദ്യലഹരിയും മൂലം കമ്മ്യൂണിക്കേഷനുള്ള ഭാഷയുടെ ശക്തി നാം കളഞ്ഞു കുളിക്കരുത്. സംഭാഷണത്തിലും പ്രസംഗത്തിലും അന്യായമായി ഉപയോഗിക്കുന്ന വാക്കേൽപ്പിക്കുന്ന മുറിവുണങ്ങാൻ താമസ്സമെടുക്കും.

**മാതൃഭാഷയിൽ** ചീത്ത കേൾക്കുമ്പോൾ മനസ്സ് കൂടുതൽ മുറിപ്പെടുന്നു. പച്ചമലയാളത്തിൽ പച്ചത്തെറി പറയുന്ന നീചനെ നോക്കി നമ്പൂരി, "തവ മാതൃയോനി"യെന്നു സംസ്കൃതത്തിൽ പറയൂ എന്ന് ഫലിതം പോലെ പ്രസ്താവിക്കുമ്പോൾ, മാതൃഭാഷയുടെ സുശക്തമായ അർത്ഥദംശനം നമുക്ക് അത്ഭുതത്തോടെ ബോദ്ധ്യപ്പെടുന്നു.

**അനാവശ്യമായി** ഉപയോഗിക്കുന്ന വാക്കുകൾ മൂലം മാനഹാനി സംഭവിക്കുമ്പോൾ മാനനഷ്ടത്തിനു കേസു കൊടുക്കൽ, നിസ്സാര കാര്യത്തിനുപോലും "സ്യു" ചെയ്യുന്ന ഈ രാജ്യത്ത് എളുപ്പമാണ്. പ്രത്യേകിച്ചും, ആലേഖനം ചെയ്യപ്പെട്ട ശബ്ദരേഖയും ചലച്ചിത്രവും റെക്കോർഡിങ് ഡിവൈസുകളിലൂടെ സുലഭമായ ഇക്കാലത്ത്.

**കുരുക്കുകളിൽ** വീണുപോയവർ മാപ്പു പറഞ്ഞ് മാന്യത വീണ്ടെടുത്തേക്കാമെങ്കിലും, ഭാരവാഹികളാണെങ്കിൽ രാജി സമർപ്പിച്ച് ജനാധിപത്യ മര്യാദ കാത്തേക്കാമെങ്കിലും അക്ഷരത്തെറ്റിലെ ദ്രോഹം മങ്ങാതെയും മായാതെയും കിടക്കും.

**"ആരാണ്** വിദ്യാധരനും സാമൂഹ്യ പാഠങ്ങളും" എന്ന പുസ്തകത്തിൽ ഒരിടത്ത് (പുറം: 87) മദ്യലഹരിയിൽ നിന്നും യോഗസമയത്തെങ്കിലും വിട്ടു നിൽക്കേണ്ട ആവശ്യം ഉദാഹരണസഹിതം അടിവരയിട്ടിട്ടുണ്ട്.
*[ആനുഷംഗികമായി റെക്കാർഡിങ് നിയമത്തെക്കുറിച്ച് ഒരു വാക്ക്: ന്യൂ യോർക്ക് സംസ്ഥാനത്ത് രണ്ടു പേർ തമ്മിലുള്ള സംഭാഷണം രഹസ്യ സ്വഭാവമുള്ളതായി കണക്കാക്കപ്പെടുന്നു. അത് അനുവാദമില്ലാതെ റെക്കോർഡ് ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന് കേൾക്കുന്നു. പലപ്പോഴും ചില കമ്പനികളുമായി ഫോണിൽ ബന്ധപ്പെടുമ്പോൾ സംഭാഷണം റെക്കോർഡ് ചെയ്യുന്നതാണെന്ന സന്ദേശം കേൾക്കാവുന്നതാണ്. മൂന്നോ അതിലധികമോ പേരുൾപ്പെട്ടാൽ റെക്കോർഡ് ചെയ്യാവുന്നതും കോടതിയിൽ മൊഴിയാക്കി മാറ്റാവുന്നതുമാണ്. നിയമജ്ഞർ കൂടുതൽ വെളിച്ചം വീശട്ടെ.]*

## അമേരിക്കയിൽ മലയാളഭാഷ നിലനിൽക്കുമോ? സാദ്ധ്യതകളും അവസ്ഥാന്തരങ്ങളും

**എല്ലാ** വർഷവും യുവ മലയാളികൾ പല തരം വിസകളിൽ ഇവിടെ എത്തുന്നുണ്ട്. കഴിഞ്ഞ വർഷം മാത്രം ഒമ്പത് ലക്ഷം ഇന്ത്യാക്കാർ ഇവിടെ വന്നുചേർന്നു. അക്കൂട്ടത്തിലെ മലയാളികളാണല്ലോ ഇവിടെ സ്ഥിരതാമസം നടത്തുന്നെങ്കിൽ, ഒരു പക്ഷേ, ഭാഷയെ സേവിക്കാൻ സാദ്ധ്യതയുള്ളത്. നീണ്ട വാസത്തിനു നിൽക്കുന്ന അതിലെ എത്ര പേർക്ക് മലയാളം ശരിക്കും അറിയാം?

**നരച്ച** തലകളുടെ ആധിക്യം ബഹുമാനാർഹം തന്നെ. പക്ഷേ, ചെറുപ്പക്കാരുടെ പിന്തുണയും പങ്കാളിത്തവും ഇല്ലാത്ത അവസ്ഥ ഒരു പ്രസ്ഥാനത്തിന്റെ ഭാവിയിലേക്കുള്ള വ്യക്തമായ ചൂണ്ടുപലകയാണ്. ഒരു പ്രസ്ഥാനത്തിൽ ഇരുപതിനും നാൽപ്പതിനും ഇടയിലുള്ള യുവജനങ്ങളുടെ പങ്കാളിത്തം ഇല്ലെങ്കിൽ പത്തിരുപത് വർഷങ്ങൾക്കുള്ളിൽ അതിന്റെ ശക്തി ഏറെ ക്ഷയിക്കുമെന്ന് പറയേണ്ടതില്ലല്ലോ. കേരളത്തിലെ മലയാള സാഹിത്യ സമ്മേളനങ്ങളിലും ചെറുപ്പക്കാരുടെ പ്രാതിനിധ്യം കുറവാണത്രെ. അമേരിക്കയിലെ കാര്യം ഇതിലും പരിതാപകരമാണ്.

## അമേരിക്കൻ മലയാളിക്ക് ഭാഷയെ എങ്ങിനെ സേവിക്കാം?

**അമേരിക്കൻ** മലയാളിയുടെ ശരാശരി പ്രായം നാൽപ്പതിനു മുകളിലാകാം. കാനേഷുമാരിക്കാർ കൃത്യമായ അക്കം തന്നേക്കാം. പ്രായംകൂടി വരുന്തോറും നമ്മുടെ താൽപ്പര്യങ്ങൾ ചെറുപ്രായത്തിലേതു പോലെയാകുന്നു. പലരും നീണ്ട ഇടവേളയ്ക്കു ശേഷം എഴുത്ത് ആരംഭിക്കുന്നുണ്ട്. അവരെ നിരുത്സാഹപ്പെടുത്തേണ്ട യാതൊരാവശ്യവുമില്ല. ശരാശരി ആയുസ്സ് വർദ്ധിച്ചു വരുന്ന ഇക്കാലത്ത് അവരുടെ മനസ്സിനു മേച്ചിൽ സ്ഥലങ്ങൾ ഉണ്ടാകേണ്ടത് സന്തോഷമായും സമാധാനമായും ജീവിതം തുടരാൻ അഭിലഷണീയമാണ്. പല വീടുകളിലും ഇദ്ദിശയിലുള്ള ഉർജ്ജച്ചോർച്ച കുടുംബസമാധാനം നിലനിർത്തുന്നതിനുള്ള കരുക്കളായും മാറാം. ഇക്കൂട്ടരിൽ ചിലരെങ്കിലും നല്ല സംഭാവനകൾ ഭാഷയ്ക്ക് കൊടുത്തേക്കാം.

**ഇവിടെത്തന്നെ** പ്രസിദ്ധീകരിക്കുന്നതിൽ നാണിക്കേണ്ട ആവശ്യമില്ല. നല്ല രചനകളെ മാത്രം പ്രോത്സാഹിപ്പിക്കുന്ന പ്രസിദ്ധീകരണങ്ങളും പത്രാധിപന്മാരും ഉണ്ടാകണമെന്ന് മാത്രം. *നാട്ടിലെ പ്രസിദ്ധീകരങ്ങളിലും അച്ചടിച്ചു വരുന്നതിൽ ഏറെയും ചപ്പുചവറാണെന്ന് അവിടത്തുകാരിൽ വിവരമുള്ളവർ പറയുന്നു.*

## അമേരിക്കൻ മലയാള പ്രസിദ്ധീകരണങ്ങൾ

**അമേരിക്കൻ** മലയാള പ്രസിദ്ധീകരണങ്ങളുടെ പ്രശ്നം ഇതാണ്: എല്ലാ നിലവാരത്തിലുമുള്ള കൃതികൾ ഒരേ സ്ഥലത്ത് പ്രത്യക്ഷപ്പെടുന്നു. ഒന്നാം ക്ലാസ്സു മുതൽ പത്താം ക്ലാസ്സു വരെയുള്ള വിദ്യാർത്ഥികളെ ഒരേ ക്ലാസിലിരുത്തുന്ന അവസ്ഥ.

**വായനക്കാരുടെ** തട്ടുകൾ അനുസരിച്ചുള്ള എഴുത്തുകൾക്ക് വിവിധയിനം പ്രസിദ്ധീകരണങ്ങൾ ഉണ്ടാകണം. അതിന്റെ അഭാവമാണ് പലരെയും മെച്ചപ്പെട്ട മേച്ചിൽപ്പുറങ്ങൾ കണ്ടെത്താൻ പ്രേരിപ്പിക്കുന്നത്. പത്രാധിപർ നല്ല കൃതികൾ തിരഞ്ഞെടുത്തില്ലെങ്കിൽ വായനക്കാരന് മേന്മ കുറഞ്ഞ കൃതികൾ വായിച്ചുവായിച്ച് നിരാശയുണ്ടാകും. നല്ല കൃതികൾ കാണാതെയും പോകും. അതുകൊണ്ടാണ്, നല്ല നിലവാരമുള്ള പ്രസിദ്ധീകരണങ്ങൾ വായിക്കുമ്പോൾ ധാരാളം സമയലാഭം ഉണ്ടാകുന്നത്.

**കേരളത്തിലെ** എഴുത്തുകാർ അമേരിക്കയിലെ മലയാളി എഴുത്തുകാരിലേക്ക് നോക്കുന്ന രീതിയിലായിരിക്കണം സാഹിത്യ രചന.  ലോകഭാഷകളുമായി അടുത്ത ബന്ധം പുലർത്താൻ സാദ്ധ്യമായ അമേരിക്കയിലിരുന്ന് ഭാഷയെ ഉന്നത നിലവാരത്തിൽ സേവിക്കാൻ കഴിയേണ്ടതാണ്. ഇവിടെയുള്ള വിവരവും പാണ്ഡിത്യവും ഉപയോഗിച്ച് മലയാളം വികസിപ്പിക്കാനുള്ള "നൊ ഹൌ" കേരളത്തിനു കൊടുക്കുകയാണ് വേണ്ടത്.

**നാട്ടിലെ** നല്ല എഴുത്തുകാരെ തള്ളിക്കളയാനോ മാർഗ്ഗദർശനസ്ഥാനത്തു നിന്ന് നിഷ്ക്കാസനം ചെയ്യാനോ അല്ല ആഹ്വാനം.  മറിച്ച്, ഭാഷയുടെ ഒരു "ഐലൻഡ് ഓഫ് എക്സെലൻസ്" ആകാനുള്ള, പുതിയ ദിശയിൽ ചിന്തിക്കുന്ന "ട്രെൻഡ് സെറ്റർ" പദവി ചൂടാനുള്ള അവസരമാണ് നഷ്ടപ്പെടുത്തുന്നത് എന്ന് സൂചിപ്പിക്കുന്നെന്നു മാത്രം.

(തുടരും)

****************************************************************************************************